22.09.2017

*<u>പ്രസിദ്ധീകരണത്തിന്</u>*

## ‘ബെസ്റ്റ് കോളേജ് മാഗസിൻ 2016-17’ മത്സരം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പ്രസിദ്ധീകരിച്ച **2016-17** അദ്ധ്യയന വർഷത്തിലെ ഏറ്റവും മികച്ച കോളേജ് മാഗസിനുകൾ തെരഞ്ഞെടുക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസിന്റെ ആഭിമുഖ്യത്തിൽ മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച കോളേജ് മാഗസിനുകൾക്ക് ക്യാഷ് അവാർഡും ട്രോഫിയും കൂടാതെ മാഗസിൻ എഡിറ്റർ, സ്റ്റാഫ് എഡിറ്റർ എന്നിവർക്ക് സർട്ടിഫിക്കറ്റും സമ്മാനിക്കുന്നതാണ്.

1-ാം സമ്മാനം 10,000/- രൂപ, 2-ാം സമ്മാനം 7,500/- രൂപ, 3-ാം സമ്മാനം 5,000/- രൂപ, കൂടാതെ രണ്ട് പ്രോത്സാഹന സമ്മാനങ്ങൾക്ക് 2,500/- രൂപ വീതവും ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള മാഗസിൻ എഡിറ്റർമാർ **2016-17** അദ്ധ്യയനവർഷത്തെ കോളേജ് മാഗസിന്റെ മൂന്ന് (3) കോപ്പികൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസിൽ **2017 ഒക്ടോബർ 10-ാം തീയതി**യ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

<u>അയക്കേണ്ട വിലാസം :</u>

Director of Student Services
Mahatma Gandhi University
Priyadarsini Hills P.O.
Kottayam – 686 560

ഡോ. ഹരികുമാർ എസ്.
ഡയറക്ടർ ഓഫ് സ്റ്റുഡന്റ് സർവ്വീസസ്